**എൻഡോസൾഫാൻ നിരോധിച്ചു; ഇനി എന്ത് പ്രശ്നം എന്നാണ് ഇപ്പോൾ പ്രബുദ്ധ കേരളം നെറ്റി ചുളിക്കുന്നത്. പക്ഷേ, കൂട്ടരെ കാസർകോട്ടെ ദുരിതങ്ങൾ ഇനിയും കെട്ടടങ്ങിയിട്ടില്ലല്ലോ? ഫല പ്രദമായ ചികിത്സയോ, പുനരധിവാസമോ, മണ്ണ്, ജലം എന്നിവ വിഷമുക്തമാക്കലോ ഒന്നും നടന്നിട്ടില്ല. പ്രശ്നങ്ങൾ ഈ വിധം നീളുമ്പോൾ സമരപരിപാടികൾ മാത്രമാണ് ഇരകൾക്ക് മുന്നിലുള്ളതെന്ന് എ. മോഹൻകുമാർ**

# ഇനിയെന്ത് എൻഡോസൾഫാൻ എന്നോ?

**ആസൂത്രണ** വിദഗ്ധർ, ശാസ്ത്ര-സാങ്കേതിക പണ്ഡിറ്റുകൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയനേതാക്കൾ തുടങ്ങിയ ഭരണാധികാര ശൃംഖലയിലെ ബഹുവിധ കണ്ണികളുടെ അശ്രദ്ധ, ഹുങ്ക്, കാഴ്ചപ്പാടിലെ വൈകല്യം എന്നിവയും കേരളീയ യുവത ഷണ്ഡീകരിക്കപ്പെട്ട 'മാനവവിഭവ'ങ്ങളാക്കപ്പെട്ടപ്പോൾ ഉണ്ടായ പ്രതികരണത്തിന്റെ നിരുപദ്രവത, പൊതുസമൂഹത്തിന്റെ ഉദാസീനത എന്നീ ചരിത്ര സാഹചര്യങ്ങളാണ് ഇവിടെ നിലനില്ക്കുന്നത്. ഇവയെല്ലാം ചേർന്ന് ഒരു നാടിന്റെ ജീവൽ സ്പന്ദനങ്ങളെ അപകടപ്പെടുത്തിയതിന്റെ ബാക്കിപത്രമാണ് കാസർകോഡ് ജില്ലയിലെ 31 പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും അവയോടു ചേർന്നു കിടക്കുന്ന കണ്ണൂർ ജില്ലയുടേയും കർണ്ണാടകത്തിലെയും നിത്യേന എന്നോളം പൊലിഞ്ഞുപോകുന്ന ജീവിതങ്ങൾ




രണ്ടു പതിറ്റാണ്ടിലേറെയായി മാരക വിഷ പദാർത്ഥങ്ങൾ സംയോജിപ്പിച്ച്, ഭൂമിയിൽനിന്നും ആകാശത്തിൽനിന്നും കാസർകോടിന്റെ മണ്ണിലേക്ക് ചൊരിഞ്ഞുകൊണ്ടിരിക്കുമ്പോൾ അധികൃതർ പറഞ്ഞു പഠിപ്പിച്ചത് മരുന്നു തളിക്കുന്നുവെന്നാണ്. ഓർഗാനോ കാർബൺ ഇനത്തിലുള്ള സ്ഥായിക കാർബണിക വിഷങ്ങൾ മാരകങ്ങൾ ആണെന്നു തിരിച്ചറിഞ്ഞ്, ഇവ കണ്ടുപിടിച്ച് പ്രചരിപ്പിച്ച അമേരിക്കൻ ഐക്യനാടുകളും പാശ്ചാത്യരാജ്യങ്ങളും അവ നിരോധിച്ചുകഴിഞ്ഞപ്പോഴും നമ്മുടെ കാർഷിക ഗവേഷകർ ഇത്തരം വിഷ പദാർത്ഥങ്ങൾ ശുപാർശ ചെയ്തു കൊണ്ടേയിരുന്നു. എൻഡോസൾഫാൻ എന്ന ഉഗ്രവിഷം കേരളത്തിന്റെ പലയിടങ്ങളിലും വിനാശം വിതച്ചു കഴിഞ്ഞിരുന്നുവെങ്കിലും കാസർകോഡ് അതിന്റെ സംഹാര ശക്തി അതീവ മാരകമായി അനുഭവപ്പെട്ടു. നൂറുകണക്കിനു കുഞ്ഞുങ്ങൾ അകാലത്തിൽ പൊലിഞ്ഞുപോയി. നിത്യേന എൻഡോസൾഫാൻ ഇരകൾ മരണപ്പെട്ടുകൊണ്ടിരിക്കുന്നു. ശാരീരികവും മാനസികവുമായ വൈകല്യമുള്ള ആയിരക്കണക്കിനു മനുഷ്യർ നരകയാതനയിൽ കഴിയുന്നു. അർബുദവും ത്വക് രോഗങ്ങളും ഇതു സംബന്ധമായ മറ്റ് രോഗങ്ങളുമായി മല്ലടിക്കുന്നവരുടെയോ, ഇത്തരം രോഗങ്ങളുടെ ഫലമായി മരണമടഞ്ഞവരുടേയോ. കൃത്യമായ വിവരങ്ങൾ പോലും ശേഖരിക്കുവാൻ അധികാരികൾ വിമുഖത കാണിക്കുന്നു.



പ്രതികളെ രക്ഷപ്പെടുത്തുവാൻ കേന്ദ്രമന്ത്രിമാർ മുതൽ കൃഷി, പള്ളിക്കൂടങ്ങളിലെ മാഷുമാരും വരെ തങ്ങളാലാവുന്നതു ചെയ്യുന്നു. തദ്ദേശീയരുടെ അന്നം മുട്ടിച്ചായാലും വിദേശപ്പണം തേടുന്നതാണ് മഹാകാര്യം എന്ന ഉദാരീകരണ സമീപനം കൂടി ആയപ്പോൾ മരണമടയുന്ന നാട്ടുകാരുടെ ജീവനേക്കാൾ വലുതാണ് വായുവും വെള്ളവും മണ്ണും വിഷമാക്കിയ വിഷോൽപ്പന്നങ്ങൾ, അവ നിരുപകദ്രവമാണെന്ന് ശുപാർശ ചെയ്ത അധികാരികൾ, വൈദേശികമായതെന്തും ഇരുകയ്യും നീട്ടി സ്വീകരിച്ച് പ്രചരിപ്പിക്കുന്ന ശാസ്ത്ര ഗവേഷണ വിദഗ്ദ്ധർ എന്നിവരുടെ നിലനിൽപ്പ് എന്നുവന്നു. കേന്ദ്രതോട്ട വിള ഗവേഷണ കേന്ദ്രത്തിലും പിലിക്കോട് കേന്ദ്രത്തിലും നടത്തുന്ന ഗവേഷണ ഫലങ്ങൾ പകർന്നു കൊടുത്തുകൊണ്ട് തലമുറകളിലൂടെ ഈ പാരമ്പര്യം നിലനിർത്തുവാനുള്ള കലാശാലയാണ് പടന്നക്കാട്ട് കാർഷിക കോളേജ്. ഭൂതകണ്ണാടിയുമായി സദാ ജാഗരൂകരായിരിക്കുന്ന ഈ ഗവേഷകരുടെ പലരുടെയും ധാരണ അവരില്ലായെങ്കിൽ രാജ്യം മുടിഞ്ഞു പോകുമെന്നാണ്. ഈ സ്ഥാപനങ്ങളുടെ നിരർത്ഥകതയും ഫല ശൂന്യതയും അറിയുന്ന നിരവധി പേർ ഉപജീവനത്തിനുള്ള വഴിയായി മാത്രമെ ഈ സ്ഥാപനങ്ങളെ കാണുന്നുള്ളു.

കഴിഞ്ഞ അറുപതു വർഷത്തെ ഇന്ത്യൻ കാർഷിക ഗവേഷണ ഫലങ്ങൾ വിലയിരുത്തിയാൽ നമ്മുക്കു കൈവന്ന കാർഷിക സാങ്കേതിക വിദ്യകളിൽ ഇവരുടെ സംഭാവന വലിയൊരു പൂജ്യം മാത്രമാണെന്നു തെളിയിക്കാൻ വലിയ ഗവേഷണ പട്ടത്വം ഒന്നും വേണമെന്നില്ല. കുരുത്തോലയിൽനിന്നും തെങ്ങുല്പാദിപ്പിക്കുക തുടങ്ങിയ അത്ഭുത ലീലാവിലാസങ്ങൾ നടത്തിയ സി.പി.സി.ആർ.ഐ ഗവേഷക പ്രതിഭകൾ നടത്തിയ എട്ടു വർഷം നീണ്ടുനിന്ന മറ്റൊരു ഗവേഷണത്തിന്റെ ഫലം മാധ്യമങ്ങളിൽ വന്നിരുന്നത് കാസർകോട്ടെ ഒരു സാദാ കർഷകൻ ഈയിടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ജൈവകൃഷിയിലൂടെ തെങ്ങുകളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാനാവുമെന്നും ശരാശരി തെങ്ങൊന്നിന് 75 തേങ്ങവീതം ഉല്പാദിപ്പിച്ച് കേന്ദ്രഗവേഷണ കേന്ദ്രം നേട്ടം കൈവരിച്ചുവെന്നും ആയിരുന്നു പത്രവാർത്ത. തൃശൂരിലെ കർഷകനായ ഇയ്യുണ്ണിയേട്ടൻ മുതൽ ഗുജറാത്തിലെ ഭാസ്കർ സാവോ വരെ, ജൈവ മാർഗ്ഗങ്ങളിലൂടെ ശരാശരി 400 തേങ്ങവരെ ഉല്പാദപ്പിക്കാൻ തുടങ്ങിയിട്ട് എത്രയോ വർഷങ്ങളായി. ഇത്തരം ഒരു കാര്യം തെളിയിക്കുവാൻ പൊതുമുതൽ മുടക്കി ശാസ്ത്രജ്ഞന്മാർ എട്ടുവർഷം പ്രയത്നിക്കേണ്ടിവന്നു. ഇതേ ഗവേഷകന്മാരാണ് പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവുകൾക്ക് സ്ഥായുക കാർബണിക കീട വിഷങ്ങളായ എൻഡോസൾഫാനും സൈക്കോ ഫോളും ലിൻഡേയനും മറ്റും തളിക്കുവാൻ ശുപാർശ ചെയ്തതും. ലോകം മുഴുവൻ എൻഡോ സൾഫാന്റെ മാരക സ്വഭാവം തിരിച്ചറിഞ്ഞു നിരോധനമേർപ്പെടുത്തി തുടങ്ങിയെങ്കിലും കാസർകോട്ട് നൂറുകണക്കിന് ആളുകൾ മരണമടയുകയും ആയിരങ്ങൾ മരണത്തോടു മല്ലടിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോഴും എൻഡോസൾഫാൻ മാരക വിഷമാണെന്ന് തെളിയിക്കാൻ പടന്നക്കാട്ട് കോളേജിലെ ഒരു പ്രൊഫസർക്ക് രേഖകൾ കിട്ടിയില്ലെന്നു വിളിച്ചു കൂവുന്നു. ഇവരും കാർഷിക കോളേജുകളും ഇല്ലായിരുന്നുവെങ്കിൽ ലോകത്തു മുഴുവൻ ആളുകളും പക്ഷിമൃഗാദികളും ഭക്ഷണമില്ലാതെ എന്നേ ചത്തു പോകുമായിരുന്നത്രേ! ഏതോ കമ്പനിക്കാർ ഉണ്ടാക്കിയ വിഷം നാട്ടുകാരുടെ തലയിൽ തളിച്ചുവിടാൻ ഇടനിലക്കാരായി പ്രവർത്തിക്കുന്ന ഇവരെ ഗവേഷകർ എന്നു വിളിക്കുമ്പോൾ ഇവരുടെ സംഭാവനകൾ വിലയിരുത്തേണ്ട സമയം അതിക്രമിച്ചു പോയി. കാളകളുടെ സ്ഥാനത്ത് ട്രാക്ടറും ടില്ലറും തുടങ്ങി നടീൽ യന്ത്രം, മെതിയന്ത്രം, തളിയന്ത്രം തുടങ്ങി ഒട്ടേറെ യന്ത്രോപകരണങ്ങൾ കാർഷിക മേഖലക്കുവന്നു ചേർന്നിട്ടുണ്ട്. കീടനാശിനി, കളനാശിനി, കുമിൾനാശനി തുടങ്ങിയ നാശിനനികളുടെ അസംഖ്യം നിരകളും ലഭ്യമാണ്. സങ്കരയിനം വിത്തുകളിൽ തുടങ്ങി ജനിതക വിത്തുകളും അന്തകവിത്തുകളും എവിടെയും ലഭ്യമാണ്. എന്നാൽ ഈ വക കണ്ടുപിടിത്തങ്ങളിൽ പോലും ഇന്ത്യൻ കാർഷിക ശാസ്ത്രജ്ഞരുടെ സംഭാവന എന്ത് എന്ന് ചോദിച്ചാൽ ഒരു തെങ്ങുകയറ്റയന്ത്രം മാത്രം എന്നാണുത്തരം എന്നാൽ അതാകട്ടെ കണ്ണൂർ ജില്ലയിൽ ജീവിച്ചിരുന്ന കുഞ്ഞേട്ടൻ എന്ന ചെമ്പരിയിലെ കർഷകന്റെ സംഭാവനയും, ഗവേഷണ സ്ഥാപനങ്ങളിലൂടെ നഷ്ടപ്പെടുത്തിയ സമ്പത്തും അവർ വേതനമായി കരസ്ഥമാക്കിയ തുകയും നശിപ്പിച്ച വിത്തുകളുടെയും പാരമ്പര്യ അറിവുകളുടെയും മൂല്യവുമായി താരതമ്യം ചെയ്താൽ ഞെട്ടിക്കുന്ന കണക്കുകളാകും ലഭ്യമാവുക. ഏതാനും സങ്കര ഇനം വിത്തുകളോ, സങ്കര ഇനം പക്ഷി-ജന്തുവർഗ്ഗങ്ങളോ ഉണ്ടാക്കുവാൻ ഭീമമായ തുക ചിലവു ചെയ്ത് വ്യാജ ഗവേഷണ കേന്ദ്രങ്ങൾ ആവശ്യമേ ഇല്ല.

ഉത്തർപ്രദേശിലെ ഒരു കർഷകനായ ശ്രീജയപ്രകാശ് തന്റെ മൂന്നര ഏക്കർ കൃഷിയിടത്തിൽ നടത്തുന്ന പരീക്ഷണങ്ങളിലൂടെ നൂറിനം മേന്മയേറിയ ഗോതമ്പുകളും 20 നെൽ ഇനങ്ങളും അനേകം പച്ചക്കറി പഴ വർഗ്ഗ വിളകളും ഉരുത്തിരിച്ച് ഉൽപാദിപ്പിക്കുകയുണ്ടായി. കാഴ്ച വൈകല്യമുള്ള ഒരു സാധാരണ കർഷകന്റെ നേട്ടങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ, നമ്മുടെ കാർഷിക ഗവേഷണ കേന്ദ്രങ്ങളുടെ സംഭാവനകൾ തുലോം പരിമിതമാ

ണെന്നു കാണാം.

മധുരാജിനെ പോലുള്ള മാധ്യമ പ്രവർത്തകരും ലീലാകുമാരി അമ്മയും എൻഡോസൾഫാൻ വിരുദ്ധ സമിതിയും തുടങ്ങി വിരലിലെണ്ണാവുന്ന ഒരു ന്യൂനപക്ഷം സാമൂഹ്യപ്രവർത്തകരുടെ സുദീർഘമായ സമരങ്ങളുടെ ഫലമായാണ് എൻഡോസൾഫാൻ പ്രശ്നം അധികാര കേന്ദ്രങ്ങളിൽ അസ്വസ്ഥത സൃഷ്ടിച്ചത്. അതിനെ തുടർന്ന് ഉപയോഗം നിർത്തിവയ്ക്കുകയും പിന്നീട് സുപ്രീം കോടതിവിധിയിലൂടെ നിരോധനം നടപ്പിലാക്കുവാൻ നിർബന്ധിതമാവുകയും ചെയ്തു. എന്നാൽ കേന്ദ്രസഹമന്ത്രി കെ.വി. തോമസും പടന്നക്കാട് കാർഷിക കോളേജ് അധ്യാപകൻ ശ്രീകുമാറും തുടങ്ങി നിരവധി ആളുകൾക്ക് എൻഡോസൾഫാനും ഹരിത വിപ്ലവവും തുടങ്ങി കാലഹരണപ്പെട്ടതും മാരകമായതുമായ പലതും കൈവെടിയാൻ ഇപ്പോഴും മടിയാണ്. കണക്കുകളുടെ അഭാവമാണ് ശ്രീകുമാറിന് ചൂണ്ടിക്കാട്ടാനുള്ളത്. ലോകത്തിലെ ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങൾ ഉണ്ടാക്കിയ മിക്ക രാജ്യങ്ങളും നിരോധിച്ച വിഷ പദാർത്ഥം അപകടകാരിയല്ലെന്നും ഇത്ര അധികം രോഗങ്ങൾ ഉണ്ടാക്കുവാൻ സാദ്ധ്യത ഇല്ലെന്നും മറ്റുമാണ് വാദിക്കുന്നത്. കാസകോടെ സാധാരണ മനുഷ്യർക്ക് അറിയാവുന്ന ലളിതമായ സത്യം മനസ്സിലാക്കാൻ കഴിയാത്ത വിധം മാത്രം ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ള ഇത്തരക്കാർക്ക് ചികിത്സ നൽകേണ്ടത് നാട്ടുകാർ തന്നെയാവണം.

## ഇനിയെന്ത്?

എൻഡോസൾഫാൻ നിരോധിച്ചു; ഇനി എന്ത് പ്രശ്നം എന്നാണ് ഇപ്പോൾ പ്രബുദ്ധ കേരളം നെറ്റി ചുളിക്കുന്നത്. പക്ഷേ, കൂട്ടരെ കാസർകോട്ടെ ദുരിതങ്ങൾ ഇനിയും കെട്ടടങ്ങിയിട്ടില്ലല്ലോ? ആരൊക്കെയോ ചേർന്ന് നടത്തിയ രാസയുദ്ധത്തിന്റെ ഇരകൾ, നഷ്ടപരിഹാരങ്ങൾക്കും പാക്കേജുകൾക്കും കാത്തുനിൽക്കാതെ നിത്യേന വിടപറയുകയാണ്. പി. സി. കെയുടെ ലാഭവിഹിതത്തിന്റെ ചെറിയൊരംശം കഴിഞ്ഞ സർക്കാരിന്റെ കയ്യിൽ ഏല്പിച്ചതിൽനിന്നും കുറച്ചുപണം ദുരിതബാധിതരുടെ കണ്ണിൽ പൊടിയിടാനായി നൽകിയതൊഴിച്ചാൽ ഫല പ്രദമായ ചികിത്സയോ, പുനരധിവാസമോ, മണ്ണ് ജലം എന്നിവ വിഷമുക്തക്കലോ ഒന്നും നടന്നിട്ടില്ല. അശാസ്ത്രീയമായ സ്ക്രീനിംഗിലൂടെ കുറച്ചുപേരെ മാത്രം എൻഡോസൾഫാൻ രോഗികളെന്നു ലിസ്റ്റിൽപ്പെടുത്തിയെങ്കിലും ബഹുഭൂരിപക്ഷം രോഗികളും ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്തവരായി അരിച്ചു കളയുകയായിരുന്നു. കാസർകോഡു ജില്ലയിലെയും സമീപസ്ഥമായ കണ്ണൂർ ജില്ലയിലെ തോട്ടത്തോടു ചേർന്ന പ്രദേശങ്ങളിലെയും കോഴിക്കോട്ടു ജില്ലയിലെയും പി.സി.കെ മേഖലകളിലാകെ എൻഡോൾസൾഫാൻ രോഗം വിതച്ചിട്ടുണ്ടെന്ന സത്യം അംഗീകരിക്കാതെയാണ് 11 പഞ്ചായത്തുകൾ മാത്രം എൻഡോൾസൾഫാൻ മേഖലയായികണക്കാക്കിയത്. കുറ്റവാളികളായ ഉദ്യോഗസ്ഥൻ, ശാസ്ത്രജ്ഞൻ, വിഷം ഉണ്ടാക്കി വിറ്റ കമ്പനികൾ എന്നിവർക്കെതിരെയാതൊരു ശിക്ഷാനടപടികളും കൈക്കൊണ്ടിട്ടില്ല. കുറ്റവാളികളായ ആളുകളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി പുനരധിവാസവും സമ്പൂർണ്ണ ആരോഗ്യ രക്ഷയും ഉറപ്പുവരുത്തുവാനുള്ള നടപടികൾ ഉണ്ടാവേണ്ടത്.

**കാസർഗോഡിനെ ജൈവ ജില്ലയായി പ്രഖ്യാപിച്ചുകൊണ്ട് കൃഷിവകുപ്പുമന്ത്രി പ്രസ്താവന ഇറക്കിയെങ്കിലും അത്തരത്തിലുള്ള ഒരു പദ്ധതിയും തയ്യാറാക്കുകയോ, ചർച്ചചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതരുടെ പേരു പറഞ്ഞ് കോടികളുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് രോഗികൾക്കോ ഇരകൾക്കോ സഹായമെന്നതിനേക്കാൾ ഉദ്യോഗസ്ഥ – രാഷ്ട്രീയ – കോൺട്രാക്ടർ കൂടുകെട്ടുകൾക്ക് പൊതുമുതൽ കൊള്ളയടിക്കാനുള്ള അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ്**

കാസർഗേഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിച്ച് കൃഷിവകുപ്പുമന്ത്രി പ്രസ്താവന ഇറക്കിയെങ്കിലും അത്തരത്തിലുള്ള ഒരു പദ്ധതിയും തയ്യാറാക്കുകയോ, ചർച്ചചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതരുടെ പേർ പറഞ്ഞ് കോടികളുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് രോഗികൾക്കോ ഇരകൾക്കോ സഹായമെന്നതിനേക്കാൾ ഉദ്യോഗസ്ഥ – രാഷ്ട്രീയ – കോൺട്രാക്ടർ കൂടുകെട്ടുകൾക്ക് പൊതുമുതൽ കൊള്ളയടിക്കാനുള്ള അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ്.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ വിധിയെ കണ്ടില്ലെന്നു നടിച്ചുകൊണ്ട് അല്ലറചില്ലറ സാമ്പത്തികസഹായവും മറ്റും ചെയ്തുകൊണ്ട് ഭരണക്കൂടം പ്രതികളെ സഹായിക്കാൻ കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. ജില്ലയിൽ എൻഡോൾസൾഫാൻ മൂലം മരണമടഞ്ഞവരുടേയോ രോഗബാധിതരായി കഴിയുന്നവരുടെയോ കൃത്യമായ വിവരങ്ങൾ ലഭ്യമേ അല്ല. കെട്ടിനിൽക്കുന്ന വിഷപദാർത്ഥങ്ങൾ നീക്കംചെയ്തു നീർവീര്യമാക്കുവാൻ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. കൃഷിഭവനുകൾ ജൈവകൃഷിയെക്കുറിച്ച് ആലോചിച്ചിട്ടുപോലുമില്ല. പി.സി.കെയിൽ വിഷതെളി ഉൾപ്പെടെയുള്ള പ്രവർത്തികൾക്കു നിയോഗിക്കപ്പെട്ട തൊഴിലാളികളിൽ നിരവധി പേർ കാൻസറും മറ്റു മാരകരോഗങ്ങളും ബാധിച്ച് മരണമടഞ്ഞുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ കാടുകളിൽ നിന്നും വിഭവങ്ങൾ ശേഖരിച്ചും മറ്റും കഴിഞ്ഞിരുന്ന ആദിവാസികൾ കരാർ തൊഴിലാളികളായി പണിയെടുക്കുവാൻ നിർബന്ധിതരായി. പി.സി.കെ വനഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമിയും ജീവിതോപാധികളും നഷ്ടപ്പെട്ട ഇക്കൂട്ടരുടെ പുനരധിവാസമോ, തൊഴിലുറപ്പോ, ചികിത്സയോ ഒന്നും തന്നെ ചിന്തിച്ചിട്ടുപോലുമില്ല. രോഗികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ രൂപീകരിക്കപ്പെട്ട പ്രത്യേക സെൽപ്രവർത്തനം നിർത്തിവയ്ക്കാനും ഇതുവരെ എൻഡോൾസൾഫാനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ യാതൊരു പങ്കാളിത്തമോ, താല്പര്യമോ കാണിക്കാതിരുന്ന രാഷ്ട്രീയക്കാരെകൊണ്ടു നിറച്ച ഒരു കമ്മിറ്റി ഉണ്ടാക്കുവാനും നീക്കങ്ങൾ നടക്കുകയാണ്.



**പി.സി.കെയിൽ വിഷതെളി ഉൾപ്പെടെയുള്ള പ്രവർത്തികൾക്കു നിയോഗിക്കപ്പെട്ട തൊഴിലാളികളിൽ നിരവധി പേർ കാൻസറും മറ്റുമാരകരോഗങ്ങളും ബാധിച്ച് മരണമടഞ്ഞു കൊണ്ടിരിക്കുകയാണ്. അതുപോലെ കാടുകളിൽ നിന്നും വിഭവങ്ങൾ ശേഖരിച്ചും മറ്റും ജീവിക്കുന്ന ആദിവാസികൾ കരാർ തൊഴിലാളികളായി പണിയെടുക്കുവാൻ നിർബന്ധിതരായി**

ഈ സാഹചര്യത്തിലാണ് ജില്ലയിൽ എൻഡോസൾഫാനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ മുന്നണിയായി എൻഡോൾസൾഫാൻ പീഢിത ജനകീയ മുന്നണിരൂപം കൊള്ളുന്നത്. എൻഡോസൾഫാൻ മൂലം രോഗബാധിതരായ കുഞ്ഞുങ്ങളുടെ രക്ഷിതാക്കളടക്കം ഭാരവാഹികളുടെ മുന്നണിയുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ നടന്നു വരികയാണ്. ദുരിത ബാധിതരുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്കൊപ്പം ജില്ലയുടെ ജൈവ പുനസ്ഥാപനത്തിനുതകുന്ന ജനകീയ പ്രവർത്തനങ്ങൾക്കും മുന്നണി നേതൃത്വം നൽകുന്നു. ഭോപ്പാൽ ഗ്യാസ് പീഢിതരുടെ പുനരധിവാസം, ചികിത്സ, നിയമപരമായ പോരാട്ടങ്ങൾ എന്നിവയ്ക്കും നേതൃത്വം നൽകുന്ന സത്യനാഥ് സാരംഗിയുടെ കാസർകോഡ് സന്ദർശനം പുതിയ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുവാൻ സഹായിച്ചു. 2011 സെപ്തംബർ 17ന് കാസർകോഡ് കലക്ടറേറ്റിനു മുന്നിൽ നടത്തിയ ദുരിതബാധിതരുടെ അവകാശങ്ങൾക്കായുള്ള സത്യാഗ്രഹം ഉദ്ഘാടനം ചെയ്തത് എൻഡോസൾഫാൻ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി 2004ൽ ഐ.സ.എം.ആറിന് റിപ്പോർട്ടു സമർപ്പിച്ച വൈദ്യഗവേഷകനും മനുഷ്യാവകാശ പ്രവർത്തകനും ഗുജറാത്ത് സർവ്വകലാശാലയിലെ ഡീനും ആയ ഡോ. രവീന്ദ്രനാഥ് ഷാൻ ബാഗ് ആയിരുന്നു. വിവിധ പഞ്ചായത്തുകൾ കേന്ദ്രകരിച്ചുള്ള യോഗങ്ങൾക്ക് മുന്നണി ചെയർമാൻ കെ.എസ്. അബ്ദുള്ള (ഇദ്ദേഹത്തിന്റെ രണ്ടുപേരക്കുട്ടികൾ രോഗബാധിതരായിരുന്നതിൽ ഇളയകുട്ടിയെ ദീർഘകാല ചികിത്സയ്ക്കും രക്ഷിക്കാനായില്ല. മൂത്തകുട്ടി നിരവധി ശസ്ത്രക്രിയകൾക്കുശേഷം കഷ്ടിച്ച് നടക്കുന്നുണ്ട്. ഇതുവരെ ഏതാണ്ട് 10ലക്ഷത്തിലധികം രൂപ ചികിത്സയ്ക്കായി ചിലവഴിച്ചുകഴിഞ്ഞു.) അമ്പലത്തറ കുഞ്ഞികൃഷ്ണൻ, ജോസ് മാവേലിൽ, സൈജൂ തുടങ്ങിയവർ നേതൃത്വം നൽകുന്നു.

ജില്ലയിലെ ആയിരം കർഷകർക്കെങ്കിലും ജൈവകൃഷി പരിശീലനം നൽകുവാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായ പരിശീലനം നൽകുവാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായ പയലറ്റ് ക്ലാസ്സുകൾ ജില്ലയിലെമ്പാടും നടന്നു വരുന്നു. ഡിസംബർ 27 മുതൽ 31 വരെ ജില്ലാ ആസ്ഥാനത്ത് വച്ചു നടക്കുന്ന പരിശീലന പരിപാടി സുബാഷ് പാലേക്കർ നയിക്കും.

കോടിക്കണക്കിനു രൂപ പൊതു ഖജനാവിൽനിന്നും ചിലവഴിച്ച് ധൂർത്തടിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ കൊഴുത്തു തടിക്കുമ്പോൾ, ജനതയുടെ നിലനില്പ്പിന് ബാഹ്യശക്തികളുടെ സഹായം ആവശ്യമില്ലെന്നു കൂടി പ്രഖ്യാപിക്കുന്നതാണ് ഈ പ്രവർത്തനങ്ങൾ. കാസർഗോഡിന്റെ പേരിൽ അറിയപ്പെടുന്ന നാടൻ കാലി വർഗ്ഗത്തിന്റെ സംരക്ഷണത്തിലും കർഷകരുടെ മുൻകൈ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രൊഫ. ടി.സി. മാധവപണിക്കരുടെ നേതൃത്വത്തിലുള്ള സമഗ്ര സർവ്വേ നടത്തുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നവംബർ 27ന് കസ്തൂർബാ മെഡിക്കൽ കോളേജിലെ ഡോ. ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ പൊയിനാച്ചി ഡന്റൽ കോളേജിൽ വച്ച് സർവ്വെ ടീം അംഗങ്ങളുടെ പരിശീലന പരിപാടി നടക്കും.

സമരപരിപാടികളുടെ അടുത്ത ഘട്ടം തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് നടയിൽ ആരംഭിക്കുന്ന ഉപവാസ പരിപാടിയാണ്. ഡിസംബർ 19ന് നടക്കുന്ന പ്രസ്തുത പരിപാടി മേധാ പട്ക്കർ ഉദ്ഘാടനം ചെയ്യുമെന്ന് ഏറ്റിട്ടുണ്ട്. തീവണ്ടികളിലും ബസ്സിലുമായി യാത്ര ചെയ്യുന്ന സമര ഭടർ കണ്ണൂർ, കോഴിക്കോട്, തൃശൂർ, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന പ്രചാരണ യോഗങ്ങളിൽ പങ്കെടുക്കുന്നതാണ്. നവംബർ 17ന് പടന്നക്കാട് കാർഷിക കോളേജിന് മുമ്പിൽ നടന്ന പ്രതിഷേധ പരിപാടിയിൽ ജില്ലയിലെ വിവിധ കോളേജു വിദ്യാർത്ഥികൾ അടക്കം നിരവധി പേർ പങ്കെടുക്കുകയുണ്ടായി. ജനകീയ പ്രവർത്തകരുടെ നിവേദനങ്ങൾക്ക് ഒന്നിനുപോലും മറുപടിയെങ്കിലും നൽകാൻ ജില്ലയുടെ ചാർജ്ജുണ്ട് എന്ന് പറയപ്പെടുന്ന മന്ത്രി കൂട്ടാക്കാത്ത സാഹചര്യത്തിൽ ശക്തമായ സമരപരിപാടികൾ മാത്രമേ മുന്നിൽ ബാക്കിയുള്ളു.